# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2999 | 21/06/2013-ൽ മറുപടിക്ക്

### മലയാളം മിഷൻ രജിസ്ട്രാറുടെ സേവന-വേതന വ്യവസ്ഥകൾ

ചോദ്യം
ശ്രീ.കോവൂർ കുഞ്ഞുമോൻ

മറുപടി
ശ്രീ .കെ .സി ജോസഫ്
( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | മലയാളം മിഷൻ രജിസ്ട്രാർ ആയി ഇപ്പോൾ പ്രവർത്തിക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഉദ്യോഗസ്ഥൻ ഏതു വകുപ്പിൽ നിന്നും വന്നതാണെന്നും സേവന വേതന വ്യവസ്ഥകൾ എന്താണെന്നും വ്യക്തമാക്കുമോ; | (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറിയായി വിരമിച്ച ശ്രീ.കെ.സുധാകരൻപിള്ളയാണ് മലയാളം മിഷന്റെ ഇപ്പോഴത്തെ രജിസ്ട്രാർ. ഇദ്ദേഹത്തെ മലയാളം മിഷന്റെ നിയമാവലിയിലെ ചട്ടം 20ന് വിധേയമായിട്ടാണ് നിയമിച്ചിട്ടുള്ളത്. ഇദ്ദേഹത്തിന് പ്രതിമാസം കൺസോളിഡേറ്റഡ് പ്രതിഫലമായി 25,000 രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | മലയാളം മിഷന്റെ മുമ്പുണ്ടായിരുന്ന രജിസ്ട്രാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ ആയിരുന്നോ എന്നു വ്യക്തമാക്കുമോ; | (ബി) | മലയാളം മിഷന്റെ മുൻ രജിസ്ട്രാർ വിവരപൊതുജനസമ്പർക്ക വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ആളായിരുന്നു. |
| (സി) | ഡെപ്യൂട്ടേഷനിൽ രജിസ്ട്രാറെ നിയമിക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കരാർ അടിസ്ഥാനത്തിൽ നിശ്ചയിച്ച രജിസ്ട്രാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്നും ഓരോ ഇനത്തിലും ചെലവിട്ട തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കരാർ അടിസ്ഥാനത്തിൽ നിയമിച്ച രജിസ്ട്രാർക്ക് പ്രതിമാസം 25,000 രൂപ കൺസോളിഡേറ്റഡ് ശമ്പളമായി നൽകി വരുന്നു. ഇതു കൂടാതെ മലയാളം മിഷൻ ഓഫീസ് ആവശ്യത്തിനും രജിസ്ട്രാറുടെ ഉപയോഗത്തിനുമായി ഭരണസമിതി തീരുമാനപ്രകാരം പ്രതിമാസവാടക 21,500 രൂപ നിരക്കിൽ 2011 ഏപ്രിൽ 6 മുതൽ 2013 മാർച്ച് 31 വരെ ഒരു വാഹനം അനുവദിച്ചിരുന്നു. |
| (ഇ) | ഈ വർഷം മലയാളം മിഷന് അനുവദിച്ച തുക എത്രയാണെന്നും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന രജിസ്ട്രാർ അതു ചെലവിടുന്നതിൽ പിഴവ് കാണിച്ചാൽ അക്കൗണ്ടബിലിറ്റി നിശ്ചയിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ? | (ഇ) | ഈ വർഷം മലയാളം മിഷന് 25 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ശേഷം കരാർ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥനായതിനാൽ ബഡ്ജറ്റ് വിഹിതം ചെലവിടുന്നതിൽ പിഴവ് കാണിച്ചാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sheela H

സെക്ഷൻ ഓഫീസർ